പതിന്നാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1211  07.06.2018 ൽ മറുപടിക്ക്

## പൊതുമരാമത്ത് പ്രവൃത്തികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പിലെ റോഡ് നിർമ്മാണവും കെട്ടിട നിർമ്മാണവും പരിസ്ഥിതി സൗഹൃദമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | എ) പൊതുമരാമത്ത് വകുപ്പിലെ കെട്ടിടങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേക്കായി ഒരു ഹരിത നിർമ്മാണചട്ടം നിലവിൽ ഉണ്ട്. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക ജീവനക്കാർക്ക് ഹരിത നിർമ്മാണ തത്വങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചിട്ടുണ്ട്. വാസ്തു ശില്പ വിഭാഗത്തിലെ 8 ആർക്കിടെക്ടുമാർ കേന്ദ്ര റേറ്റിംഗ് ഏജൻസിയായ ഗൃഹയുടെ സർട്ടിഫൈഡ് പ്രൊഫഷണൽ യോഗ്യത നേടുകയും ഹരിത തത്വങ്ങൾക്ക് അനുസൃതമായി കെട്ടിട രൂപകല്പന ചെയ്യുവാൻ വൈദഗ്ധ്യം നേടുകയും ചെയ്തിട്ടുണ്ട്. ഒരു സീനിയർ ആർക്കിടെക്ട് ഗൃഹയുടെ ഇവാല്യുവേറ്റർ യോഗ്യത നേടുകയും കെട്ടിടങ്ങളെ ഹരിത തത്വങ്ങൾക്കനുസൃതമായി വിലയിരുത്തുവാൻ അർഹതയും നേടിയിട്ടുണ്ട്. ഇദ്ദേഹത്തെ ഗ്രീൻ ബിൽഡിംഗ് നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.<br>പൊതുമരാമത്ത് വകുപ്പിലെ റോഡ് നിർമ്മാണം പരിസ്ഥിതി സൗഹൃദമാക്കുന്നതിന് ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു പരിസ്ഥിതി സെൽ രൂപീകരിച്ച് പ്രവർത്തനം നടപ്പാക്കി വരുന്നു. |
| ബി) പതിനഞ്ച് കോടി രൂപയിൽ കൂടുതൽ അടങ്കൽ വരുന്ന പ്രവൃത്തികൾ വകുപ്പിലെ പരിസ്ഥിതി വിഭാഗത്തിന്റെ അനുമതി- | ബി) & സി) പൊതുമരാമത്ത് മാന്വൽ clause 104.8 പ്രകാരം 15 കോടി രൂപയിൽ കൂടുതൽ വരുന്ന മേജർ പ്രോജക്റ്റിന് enviornmental |

| | | | |
|---|---|---|---|
| | യോട്ടുകൂടി മാത്രമേ നടപ്പിലാക്കാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | | wing ന്റെ നേതൃത്വത്തിൽ PPU detailed project report സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| സി) | പരിസ്ഥിതി വിഭാഗത്തിന്റെ പരിഗണനയ്ക്കായി നൽകുന്ന പ്രവൃത്തികൾ സമയബന്ധിതമായി പരിശോധിക്കുന്നതിനും അംഗീകാരം നൽകുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | | പതിനഞ്ചു കോടി രൂപയിൽ കൂടുതൽ അടങ്കൽ തുക വരുന്ന പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനു മുൻപായി പരിസ്ഥിതി സെല്ലിന്റെ എൻവിയോൺമെന്റ് ഇംപാക്ട് അസ്സെസ്സ്മെന്റ് & എൻവിയോൺമെന്റ് മാനേജ്മെന്റ് പ്ലാൻ (EIA & EMP) എന്നിവയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ ഉചിതമായ തീരുമാനങ്ങൾ സ്വീകരിക്കുകയും EIA & EMP റിപ്പോർട്ട് എഗ്രിമെന്റ് ഷെഡ്യൂളിന്റെ ഭാഗം ആക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നു. 15 കോടി രൂപയ്ക്കു മുകളിൽ അടങ്കൽ തുക വരുന്ന പ്രവർത്തികളുടെ സ്ഥലം പരിസ്ഥിതി വിഭാഗം സമയബന്ധിതമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. |
| ഡി) | പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച ഏതെങ്കിലും കെട്ടിടങ്ങൾക്ക് കേന്ദ്രഹരിത നിർമ്മാണ റേറ്റിംഗ് ഏജൻസിയായ ഗ്രഹയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | ഡി) | തിരുവനന്തപുരത്ത് നേമത്ത് പണിയുവാൻ ഉദ്ദേശിക്കുന്ന രജിസ്ട്രേഷൻ സമുച്ചയത്തിനും പത്തനംതിട്ട കളക്ടറുടെ ഔദ്യോഗിക വസതിക്കും ഗ്രഹയുടെ റേറ്റിംഗ് ലഭിക്കുന്നതിലേക്കായി പ്രാരംഭ രജിസ്ട്രേഷൻ നടത്തികഴിഞ്ഞു. |
| ഇ) | പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയ സോഷ്യൽ ആഡിറ്റിംഗ് വിജയപ്രദമാണോ; ഇതിലൂടെ വകുപ്പിനെ അഴിമതി മുക്തമാക്കുന്നതിന് സാധിച്ചുവെന്ന് കരുതുന്നുണ്ടോ എന്നറിയിക്കുമോ? | ഇ) | പൊതുമരാമത്ത് പ്രവർത്തികളിൽ സർക്കാർ ഉത്തരവ് **G.O.(Ms) No.1/2018/PWD dated 05.01.2018** പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിംഗിലൂടെ പ്രവർത്തികൾ കൂടുതൽ സുതാര്യവും, അഴിമതി രഹിതവുമാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ